# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പന്തലായനി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: P8/1995/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 02/12/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പന്തലായനി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) അസി. ഡവലപ്പ്മെന്റ് കമ്മീഷണർ, കോഴിക്കോട്.

3) കാര്യാലയ പകർപ്പ്

നമ്പർ: P8/1995/22 തീയ്യതി: 02/12/2022

## കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-05-2022 മുതൽ 17-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സിനി.എം.വി | ജോയിന്റ് ഡയറക്ടർ | 19-09-2022 | 26-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-09-2022 | 26-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സതീഷ് കുമാർ സി പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
ശ്രീ ശ്രീജിത്ത് കെ വി , ഓഡിറ്റർ.
ശ്രീമതി അപർണ ഡി ,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.ബാബുരാജ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.കെ.ഫത്തീല | സെക്രട്ടറി | 01-04-2021 | 10-05-2021 |
| ശ്രീ നൗഷാദലി എം പി (ഹെഡ് ക്ലാർക്ക്) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-05-2021 | 12-05-2021 |
| ശ്രീ.മനോജ്കുമാർ.എ.ടി. | സെക്രട്ടറി | 13-05-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.അനി.പി.ടി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-04-2021 | 31-03-2022 |
| ശ്രീ.ദിലീപ് കുമാർ.കെ.പി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.അനിത കുമാരി.പി.പി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ അബ്ദുൽ സലിം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. മുരളീധരൻ .ഒ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-05-2021 |
| ശ്രീ ശ്രീനാഥ് എ | അസിസ്റ്റന്റ് എഞ്ചിനീയർ ( അധികചുമതല ) | 01-06-2021 | 01-08-2021 |
| ശ്രീമതി. ആചല ദയാനന്ദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 02-08-2021 | 10-05-2022 |
| ശ്രീമതി. ബിന്ദു. പി. | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി.അനിത.പി.പി | ശിശുവികസന പദ്ധതി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ജീജ.കെ.എം. | ക്ഷീര വികസന ഓഫീസർ | 01-04-2021 | 16-07-2021 |
| ശ്രീ മുഹമ്മദ് നവാസ് പി | ക്ഷീര വികസന ഓഫീസർ | 17-07-2021 | 13-10-2021 |
| ശ്രീമതി ലാവണ്യ സി | ക്ഷീര വികസന ഓഫീസർ | 14-10-2021 | 15-11-2021 |
| ശ്രീമതി സജിത പി | ക്ഷീര വികസന ഓഫീസർ | 16-11-2021 | 31-01-2022 |
| ശ്രീമതി ഹിത എസ് | ക്ഷീര വികസന ഓഫീസർ | 01-02-2022 | 31-03-2022 |
| ശ്രീമതി. ജൂഗ്നു.ആർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 7 | വനിതാ വ്യവസായ വിപണന കേന്ദ്രം - ലക്ഷ്യം നിറവേറ്റപ്പെടുന്നില്ല | 1-7 |
| 8 | പട്ടികജാതി വികസന ഓഫീസർ പദ്ധതി നിർവ്വഹണത്തിൽ - പദ്ധതി മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച | 1-8 |
| 9 | ലൈഫ് തുക കൈമാറൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-9 |
| 10 | സ്മാർട്ട് ക്ളാസ് റൂം : മറ്റു സ്രോതസ്സുകൾ പരിഗണിച്ചില്ല | 1-10 |
| 11 | തരിശ്ശു രഹിത നെൽകൃഷി പദ്ധതി: അപാകതകൾ | 1-11 |
| 12 | ബെയിലിംഗ് മെഷീൻ ലഭ്യമായില്ല - എം.ആർ.എഫ്. കേന്ദ്രം പ്രവർത്തനസജ്ജമല്ല. മുൻകൂർ ചെലവ് തടസ്സപ്പെടുത്തുന്നു. -തുക 5,56,500/- | 1-12 |
| 13 | മോണിറ്ററിംഗ് ചുമതല നിർവ്വഹിച്ചില്ല. | 1-13 |
| 14 | ചുമതലകളിൽ നിന്നും വ്യതിചലിച്ച് നിർവ്വഹണം | 1-14 |
| 15 | ആവശ്യകത പരിശോധിക്കാതെ ഇ.സി.ജി മെഷീൻ വാങ്ങി | 1-15 |
| 16 | കുടിവെള്ള പദ്ധതികൾ ഭാഗികമായി നടപ്പാക്കുന്നു. | 1-16 |
| 17 | ചുമതലകളിലുൾപ്പെടാത്ത പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കി | 1-17 |
| 18 | ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവർത്തികൾക്കും ഫോം വർക്കിനുള്ള തുക നൽകി. | 1-18 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| | --- No Records Found --- | |
| | ഭാഗം 4 | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങള് | 4-4 |

| | | |
|---|---|---|
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് പന്തലായനി ബ്ലോക്ക്പഞ്ചായത്ത് ഭരണസമിതിയുടെ 17-02-2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരവും, പുതുക്കിയ ബജറ്റ് 26-03-2022 തീയതിയിലെ 1(1) നമ്പർ പ്രകാരവും അംഗീകരിച്ചു.

ബജറ്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 65,87,559 |
| വരവ് | 4,06,38,000 |
| ആകെ | 4,72,25,559 |
| ചെലവ് | 4,30,18,694 |
| നീക്കിയിരിപ്പ് | 42,06,865 |

### 1-2 വാർഷിക കണക്കിലെ അപാകതകൾ

1) ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടങ്ങളിൽ നിന്നുള്ള വാടക അക്കൗണ്ട് ചെയ്യുതിൽ താഴെ പറയുന്ന അപാകത നിലനിൽക്കുന്നു

I) വാടക വരവ് AFS പ്രകാരം

| | |
|---|---|
| ഡിമാൻഡ് $I_3$ | 29720 |
| കളക്ഷൻ $RP_3$<br>43 | 43630(current)<br>24640(arrear) |
| ബാലൻസ് B 15 | 1500 |

Ii) വാടക വരവ് രജിസ്റ്റർ പ്രകാരം

| | |
|---|---|
| ഡിമാൻഡ് | 55140 |
| കളക്ഷൻ | 33730 |
| ബാലൻസ് | 21410 |

ഡിമാൻഡ് കളക്ഷൻ ബാലൻസ് എന്നിവ വാർഷിക ധനകാര്യ പത്രികയിലും രജിസ്റ്ററിലും വ്യത്യസ്തമായിരിക്കുന്നത് വിശദീകരിക്കുന്നത് ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക ഡിമാന്റ് , കലക്ഷൻ ബാലൻസ് എന്നിവ വാർഷിക

കണക്കിൽ ഉള്ളത് പൊരുത്തപ്പെടുന്നില്ല. പഞ്ചായത്തിന്റെ വാടക വരവ് കൃത്യതയോടെ അക്കൗണ്ട് ചെയ്യേണ്ടതും വാടക കുടിശ്ശിക ഇനത്തിൽ ഈടാക്കാനുള്ള തുക ഈടാക്കേണ്ടതുമാണ് .

2). കാലികമാക്കിയ ആസ്തി രജിസ്റ്റർ , ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഡെപ്പോസിറ് രജിസ്റ്റർ , അഡ്വാൻസ് രജിസ്റ്റർ, ടെൻഡർ ഫോം വിൽപ്പന രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടുണ്ട് എന്ന് എൻക്വയറിയ്ക്ക് മറുപടി നൽകിയെങ്കിലും ഹാജരാക്കിയിട്ടില്ല . ആയതിനാൽ ബാലൻസ് ഷീറ്റിലെ ബി-9 ഷെഡ്യൂൾ ബി-18 ഷെഡ്യൂൾ എന്നിവയിൽ ഉൾപ്പെട്ട തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3). വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം വാറ്റ്, ജി.എസ്.ടി (C.G.S.T&S.G.S.T) എന്നീ ഇനങ്ങളിൽ 36368/- രൂപ അടവാക്കാൻ അവശേഷിക്കുന്നുണ്ട്.ഇതുമായി ബന്ധപ്പെട്ട നൽകിയ എൻകോയറിക്കു വാടക ഇനത്തിൽ ലഭിച്ച നികുതികൾ എല്ലാം തന്നെ സമയബന്ധിതമായി ബന്ധപ്പെട്ട ഹെഡുകളിൽ അടവാക്കിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. B9 ഷെഡ്യൂളിൽ അടവാക്കാൻ അവശേഷിക്കുന്ന 36368/- രൂപ ഏത് ഇനത്തിൽ അടവാക്കാൻ ഉള്ള നികുതി ആണെന്ന് കണ്ടെത്തി അടവാക്കേണ്ടതാണ് .

4). Sale Of Scrap ഇനത്തിൽ 10396/- രൂപ വരവുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രജിസ്റ്ററുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5). ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായിട്ടുള്ള താഴെ പറയുന്ന ഗ്രാന്റ് തുകകൾ ACR പ്രകാരവും AFS പ്രകാരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ACR | AFS |
|---|---|---|
| വികസന ഫണ്ട് ജനറൽ | 21668935 | 21219607 |
| മെയിന്റനൻസ്, നോൺ-റോഡ് | 3203453 | 2912725 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 4604785 | 10630968 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 4903483 | 2083258 |

6). സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് വരവിലെ 3214641 രൂപ കാനറാ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ഈ നീക്കിയിരിപ്പ് തുകയുടെ വിവരങ്ങൾ ബാലൻസ് ഷീറ്റ് ബി4 സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

7). പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ സി.എഫ്.സി. ഗ്രാന്റ് വിഭജന കണക്ക് വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

അപാകതകൾക്ക് പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2568011 |
| വരവ് | 63031379 |

| | |
|---|---|
| ആകെ | 65599390 |
| ചെലവ് | 59783924 |
| നീക്കിയിരിപ്പ് | 5815466 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 22266000 | 22266000 | 21668935 | 597065 |
| വികസന ഫണ്ട്-എസ്.സി.പി(ACR പ്രകാരം) | 0 | 9239000 | 9239000 | 8504438 | 734562 |
| മെയിന്റനൻസ്, നോൺ-റോഡ്(ACR പ്രകാരം) | 0 | 5488941 | 5488941 | 3203453 | 2285488 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied)<br>ബാങ്ക്<br>ട്രഷറി<br>ആകെ | 0 | 4262003<br>975671<br>5237674 | | 3972823<br>631962<br>4604785 | 289180<br>343709<br>632889 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)<br>ബാങ്ക്<br>ട്രഷറി<br>ആകെ | 0 | 6219000<br>2927368<br>9146368 | | 3293539<br>1765628<br>5059167 | 2925461<br>1161740<br>4087201 |

## 1-5 പദ്ധതി അവലോകനം

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതി വകയിരുത്തലും അതിൽ നിന്നുള്ള ചെലവും താഴെ പറയും പ്രകാരമാണ്.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|
| 100 | 70468110 | 87 | 43376707 | 13 |

ഡി.പി.സി. അഗീകാരം ലഭിച്ച 100പ്രോജക്ടുകളിൽ 87എണ്ണം ഓഡിറ്റ വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 70468110/- രൂപ വകയിരുത്തിയതിൽ 43376707/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 643669/-രൂപ തനതു ഫണ്ടിൽ നിന്നമാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.9.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 വനിതാ വ്യവസായ വിപണന കേന്ദ്രം - ലക്ഷ്യം നിറവേറ്റപ്പെടുന്നില്ല

വനിതാ വ്യവസായ വിപണന കേന്ദ്രം - ലക്ഷ്യം നിറവേറ്റപ്പെടുന്നില്ല

a. ക്രമവത്കരിക്കപ്പെടാത്തതിനാൽ മുറികൾ ഒഴിഞ്ഞു കിടക്കുന്നു

പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും കൊയിലാണ്ടി നഗരസഭ മാർക്കറ്റിന് സമീപത്തായി നിർമ്മിച്ചിട്ടുള്ളതുമായ വനിതാ വ്യവസായ വിപണന കേന്ദ്രത്തിൽ

നിലവിൽ മൂന്ന് നിലകളിലായി 26 മുറികളിൽ 9 മുറികൾ മാത്രമാണ് വാടകക്ക് നൽകിയിട്ടുള്ളത്. നഗരസഭയിൽ നിന്നും പെർമിറ്റ് എടുക്കാതെ നിർമ്മാണം നടത്തിയിട്ടുള്ള രണ്ടാം നിലയിൽ 8 മുറികൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട്. കെട്ടിടം ക്രമവത്കരിക്കുന്നതിന് നഗരസഭയിൽ സമർപ്പിച്ച അപേക്ഷ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടി നിരസിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം ക്രമവത്കരിച്ചിട്ടില്ലാത്തതിനാൽ പൂർണ്ണമായും ഉപയോഗപ്പെടുത്തി ലക്ഷ്യം കൈവരിക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. കെട്ടിട നിർമാണം ക്രമവൽക്കരിച്ച് പൂർണമായും ഉപയോഗപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ എന്ക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട് . ഇതനുസരിച്ചു കെട്ടിടത്തിന്റെ ന്യൂനതകൾ പരിഹരിക്കുന്നതിനായി തുടർനടപടികൾ സ്വീകരിക്കുന്നതിന് എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിനും ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ കൊയിലാണ്ടിയ്ക്കും കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട് . ന്യൂനതകൾ പരിഹരിച്ചു എത്രയും പെട്ടെന്ന് വനിതാ വ്യൈവസായ കേന്ദ്രം പൂർണമായും ഉപയോഗപ്പെടുത്തി അറിയിക്കേണ്ടതാണ് .

B) വസ്തു നികുതി അടവാക്കുന്നതുമൂലം പഞ്ചായത്തിന് സാമ്പത്തിക ബാധ്യത

വിപണന കേന്ദ്രം മുറികൾ വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കി, 16.09.2011 ലെ 52(1)/11-12 നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ച ബൈലോയിൽ ബ്ലോക്ക് പ്രദേശത്തെ ദാരിദ്ര്യരേഖക്ക് താഴെയുള്ള ഐ.ആർ.ഡി.പി/ എസ്.ജി.എസ്.വൈ/കുടുംബശ്രീ/ജനകീയാസൂത്രണ പദ്ധതി പ്രൊജക്ടുകളിലെ വനിതാ ഗ്രൂപ്പുകൾ അല്ലെങ്കിൽ സ്വയംതൊഴിൽ സംരംഭകർ എന്നിവർക്ക് കുറഞ്ഞ വാടക/ഡെപ്പോസിറ്റ് നിരക്കിൽ മുറികൾ വാടകകക്ക് നൽകുന്നതാണെന്ന് നിബന്ധന ചെയ്യപ്പെട്ടിട്ടുണ്ട്. ഇക്കാരണത്താൽ തന്നെ കുറഞ്ഞ നിരക്കിലുള്ള വാടകയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ വസ്തു നികുതി ഇനത്തിൽ 55864/- രൂപ (2020-21 To 2021-22) പഞ്ചായത് അടവാക്കിയിട്ടുണ്ട് .

പഞ്ചായത്തിന്റെ വരുമാനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി അല്ലാത്തതിനാലും, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വനിതാ ഗ്രൂപ്പ് അല്ലെങ്കിൽ സ്വയം തൊഴിൽ സംരംഭകർ എന്നിവർക്കു കുറഞ്ഞ വാടക നിരക്കിൽ മുറികൾ നൽകുന്ന പദ്ധതി ആയതിനാലും വസ്തുനികുതി അടവാക്കുന്നതു മൂലം പഞ്ചായത്തിന് ഭാവിയിൽ സാമ്പത്തിക ബാധ്യത സൃഷ്ടിക്കപ്പെടാൻ സാധ്യതയുണ്ട് . ആയത് സർക്കാർ ശ്രദ്ധയിൽ പെടുത്തി വസ്തുനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നതിനുള്ള ആവശ്യമായ നടപടികൾ സ്വീകരിച്ചു അറിയിക്കേണ്ടതാണ്.

## 1-8 പട്ടികജാതി വികസന ഓഫീസർ പദ്ധതി നിർവ്വഹണത്തിൽ - പദ്ധതി മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ നടപ്പിലാക്കിയതായി കാണുന്നു. പദ്ധതികളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രൊജക്റ്റ് | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി |
| പ്രോജക്റ്റ് നം. | 35/22 |

| | |
|---|---|
| അടങ്കൽ | 1,000,000/- |
| ഫണ്ട് | വികസനം.(SCP) |
| ചെലവ് | 925,000/- |

2)

| | |
|---|---|
| പ്രൊജക്ട് | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി |
| പ്രോജക്ട് നം. | 91/22 |
| അടങ്കൽ | 75,000/- |
| ഫണ്ട് | വികസനം.(SCP) |
| ചെലവ് | 75,000/- |

3)

| | |
|---|---|
| പ്രൊജക്ട് | എസ്.സി.വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| പ്രോജക്ട് നം. | 38/22 |
| അടങ്കൽ | 1,487,000/- |
| ഫണ്ട് | വികസനം.(SCP) |
| ചെലവ് | 1,485,000/- |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ (കൈ) നം.22/2018/തസ്വഭവ.തി.14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.7-2-17 ൽ നിലവിൽ 800 ചതുരശ്ര അടിയിലധികരിക്കാത്ത വീടുള്ള ഗുണഭോക്താക്കൾക്കാണ് ഈ ആനുകൂല്യത്തിനർഹത. എന്നാൽ ഈ പദ്ധതിയിൽ ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ വീടുകളുടെ വിസ്തൃതി തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഫയലിൽ ഇല്ല.

2. മേൽ സൂചിപ്പിച്ച മാർഗ്ഗരേഖ ഖ.7-2-10 ൽ എസ്.സി വിഭാഗം ഗുണഭോക്താക്കൾക്ക് വിദ്യാഭ്യസ ആനുകൂല്യം നൽകുന്നതിന് വരുമാന പരിധി ബാധകമല്ല എന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ എല്ലാ ഗുണഭോക്താക്കളിൽ നിന്നും വരുമാന സർട്ടിഫിക്കറ്റ് വാങ്ങിയതായി കാണുന്നു.

3. ഗുണഭോക്താക്കളിൽ നിന്നും സ്വകാര്യ എഞ്ചിനിയർ തയ്യാറാക്കിയ ഡിറ്റയ്ൽഡ് എസ്റ്റിമേറ്റ് വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖയിൽ ഇത്തരത്തിലുള്ള എസ്റ്റിമേറ്റ് വാങ്ങണമെന്ന് പരാമർശിച്ചിട്ടില്ല. ബന്ധപ്പെട്ട അസി.എഞ്ചിനിയറുടെ മൂല്യനിർണ്ണയം മാത്രം മതി പഠനമുറിക്ക് ധനസഹായം അനുവദിക്കുന്നതിന് എന്ന് സ.ഉ (കൈ) നം.22/2018/തസ്വഭവ.തി.14.02.2018 പ്രകാരമുള്ള

സബ്സിഡി മാർഗ്ഗരേഖ വ്യക്തമാക്കുന്നു.

4. പദ്ധതി സംബന്ധിച്ച് വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/21-22 /26.9.22) പട്ടികജാതി വികസന ഓഫീസർ മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ഭാവിയിൽ ഇത്തരം പദ്ധതി നടപ്പാക്കുമ്പോൾ,പദ്ധതി നിർവ്വഹണം നീണ്ടു പോകുന്ന തരത്തിലും ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലും സർക്കാർ നിർദ്ദേശാനുസരണമല്ലാതെയുള്ള രേഖകൾ വിദ്യാർത്ഥികളിൽ നിന്നും ആവശ്യപ്പെടാതിരിക്കേണ്ടതാണ്. മോണിറ്ററിംഗ് സമയബന്ധിതമായി നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് അറിയിക്കുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതാണ്.

1-9 ലൈഫ് തുക കൈമാറൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ലൈഫ് പദ്ധതിയിൽ ബ്ലോക്ക് വിഹിതം നൽകുന്നതിനായി 3 പ്രൊജക്ടുകളിലായി തുക ചെലവഴിച്ചിട്ടുണ്ട്. ഇങ്ങനെ ചെലവഴിച്ച തുകയിൽ ചില പഞ്ചായത്തുകൾ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രൊജക്ട് നം. 4/22 | | |
|---|---|---|---|
| | പഞ്ചായത്ത് | ബിൽ നം. | തുക |
| 1 | മൂടാടി | 10/21-06-21 | 800,000 |
| 2 | അത്തോളി | 11/23-06-21 | 880,000 |
| 3 | അത്തോളി | 253/19-03-22 | 300,000 |
| 4 | മൂടാടി | 254/19-03-22 | 400,000 |
| 5 | മൂടാടി | 300/26-03-22 | 263,476 |
| 6 | അത്തോളി | 300/26-03-22 | 239,597 |
| 7 | അത്തോളി | 301/26-03-22 | 110,403 |
| | | | 2,993,476 |

| | പ്രൊജക്ട് നം. 7/22 | | |
|---|---|---|---|
| | പഞ്ചായത്ത് | ബിൽ നം. | തുക |
| 1 | മൂടാടി | 34/09-08-21 | 860,000 |
| 2 | ചെങ്ങോട്ടുകാവ് | 11/23-02-22 | 540,000 |
| 3 | ചേമഞ്ചേരി | 215/02-03-22 | 300,000 |
| | | | 1,700,000 |

| | പ്രൊജക്ട് നം. 131/22 | | |
|---|---|---|---|
| | പഞ്ചായത്ത് | ബിൽ നം. | തുക |
| 1 | ചെങ്ങോട്ടുകാവ് | 305/27-03-22 | 400,000 |

വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/21-22/26.9.22) മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 5,093,476/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിക്കൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-10 സ്മാർട്ട് ക്ളാസ് റൂം : മറ്റു സ്രോതസ്സുകൾ പരിഗണിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നം. : 23/22

പ്രൊജക്ട് : സ്മാർട്ട് ക്ളാസ് റൂം

ബിൽ നം.തുക :313/30-03-22 , 11,550/-

:268/23-03-22 , 126,000/-

:326/30-03-22 , 201,995/-

:312/30-03-22 , 12,730/-

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം ട്രൈപോഡ് സ്റ്റാന്റ് വിത്ത് സ്ക്രീൻ, ലാപ് ടോപ്, മൾട്ടിമാഡിയ പ്രൊജക്ടർ എന്നിവ വാങ്ങി ജി.എൽ.പി.സ്കൂൾ അത്തോളി, ജി.എൽ.പി.സ്കൂൾ മാടാക്കര, ജി.എൽ.പി.സ്കൂൾ ഏഴുകുടിക്കൽ എന്നീ എൽ.പി.സ്കൂളുകൾക്ക് കൈമാറിയിട്ടുണ്ട്. എൽ.പി.സ്കൂളുകളിൽ പ്രൊജക്ട് നടപ്പിലാക്കുമ്പോൾ ഗ്രാമ പഞ്ചായത്തുകളുടെ പ്രജക്ട് നടത്തിപ്പുമായി ഇരട്ടിപ്പ് വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതായിരുന്നു. പ്രൊജക്ട് രൂപീകരണത്തിന്റെ ഘട്ടങ്ങളിലും വർക്കിംഗ് ഗ്രൂപ്പ് യേഗങ്ങളിലും അത്തരമൊരു ഉറപ്പുവരുത്തൽ ഉണ്ടായിട്ടില്ല.ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകളുമായി ആശയവിനിമയം നടത്തിയതായി ഫയലിലില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/21-22 /26.9.22)മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. മേൽ അപാകതകൾ കാരണം 352,275/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് പ്രജക്ട് നടത്തിപ്പിൽ ഇരട്ടിപ്പ് വന്നിട്ടില്ലെന്ന് ഉറപ്പുവരുത്തി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-11 തരിശു രഹിത നെൽകൃഷി പദ്ധതി: അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.ഡെയറക്ടർ (കൃഷി)

പ്രൊജക്ട് നം. : 37/22

പ്രൊജക്ട് : തരിശു രഹിത നെൽകൃഷി

ബിൽ നം.തുക :1/21-01-22 , 80,000/-

:2/17-02-22 , 120,000/-

അസി.ഡെയറക്ടർ (കൃഷി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം തരിശുഭൂമി പാകപ്പെടുത്തി നെൽകൃഷി ചെയ്യുന്നതിനായി കർഷക കാർഷിക കൂട്ടായ്മ ചെലവഴിച്ച ആകെ തുകയായ 326,790/-രൂപയിൽ മേൽ ബിൽ പ്രകാരം മാറിയ 200,000/-രൂപ സബ്സിഡിയായി കർഷക

കാർഷിക കൂട്ടായ്മ, മൂടാടിയുടെ കൺവീനറായ ശ്രീ.അബ്ദുൾ റഷീദിന് കൈമാറിയിട്ടുണ്ട്. മേൽ പ്രജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവ് വിശദാംശം ചുവടെ കൊടുക്കുന്നു.

1) ബിൽ നം.തുക :1/21-01-22 , 80,000/-

| കർഷക കാർഷിക കൂട്ടായ്മ ചെലവഴിച്ച തുക | | | | ബ്ലോക്ക്പഞ്ചായത്ത് |
|---|---|---|---|---|
| | ഇനം | ആർക്ക് നൽകി | ആകെ ചെലവ് | സബ്സിഡി |
| 1 | കൃഷിപ്പണി | കാർത്തയായനി (75പണി 600/-രൂപ നിരക്കിൽ) | 45,000/- | 80,000/- |
| 2 | നിലമൊരുക്കൽ | രവീന്ദ്രൻ (10പണി 800/-രൂപ നിരക്കിൽ) | 8,000/- | |
| 3 | ചാണകം | റഷീദ് (10,000കി.ഗ്രാം.) | 50,000/- | |
| 4 | വാഹന വാടക | സാബിത്ത് | 750 | |
| 5 | വിത്ത് | സ്റ്റേറ്റ് സീഡ് ഫാം,പേരാമ്പ്ര | 6,400/- | |
| 6 | ട്രാക്ടർ വാടക | കാർഷിക കർമ്മ സേന,മൂടാടി | 15,000/- | |
| | | | 125,150/- | 80,000/- |

2)ബിൽ നം.തുക :2/17-02-22 , 120,000/-

| കർഷക കാർഷിക കൂട്ടായ്മ ചെലവഴിച്ച തുക | | | | ബ്ലോക്ക്പഞ്ചായത്ത് |
|---|---|---|---|---|
| | ഇനം | ആർക്ക് നൽകി | ആകെ ചെലവ് | സബ്സിഡി |
| 1 | കൃഷിപ്പണി | കാർത്തയായനി (60പണി 600/-രൂപ നിരക്കിൽ) | 36,000/- | 120,000/- |
| 2 | കൃഷിപ്പണി | കല്ല്യാണി(75പണി 600/-രൂപ നിരക്കിൽ) | 45,000/- | |
| 3 | നിലമൊരുക്കൽ | രവീന്ദ്രൻ (15പണി 800/-രൂപ നിരക്കിൽ) | 12,000/- | |
| 4 | ചാണകം | റഷീദ് (7,000കി.ഗ്രാം.5/-രൂപ നിരക്കിൽ) | 35,000/- | |
| 5 | ചാണകം | ഷൗക്കത്ത് (7,000കി.ഗ്രാം.5/-രൂപ നിരക്കിൽ) | 35,000/- | |

| | | | | |
|---|---|---|---|---|
| 6 | വിത്ത് | (240കി.ഗ്രാം.36/-രൂപ നിരക്കിൽ) | 8,640/- | |
| 7 | ട്രാക്ടർ വാടക | ---- | 30,000/- | |
| | | | 201,640/- | 120,000/- |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കൃഷി നടത്തിയ തരിശുഭൂമി എത്രയുണ്ടെന്നത് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഫയലിൽ ഇല്ല. വിസ്തൃതിക്ക് ആനുപാതികമായാണോ സബ്സിഡി നൽകിയതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. പ്രദേശം കൃഷിക്ക് യോഗ്യമായ തരിശുഭൂമിയാണെന്നതിന് കൃഷി ഓഫീസറുടെ സാക്ഷ്യപത്രമില്ല.

3. കൃഷിയിൽ ഏർപ്പെടുന്നവരും ഭൂമി ഉടമസ്ഥനും ചേർന്ന് നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിലേർപ്പെട്ടിട്ടില്ല.

4. തൊഴിലാളികൾ ജോലി ചെയ്തത് സംബന്ധിച്ച മസ്റ്റർ റോളില്ല.

5. പദ്ധതി സംബന്ധിച്ച് വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

6. കൺവീനറുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക സ്വീകരിക്കുന്നവരുടെ അക്കൗണ്ടിലേക്ക് നൽകേണ്ടതിനു പകരം വലിയ തുകകൾ പണമായി നൽകുന്നു.വിശദാംശം ചുവടെ.

| | പണം കൈപ്പറ്റിയ ആൾ | തുക | ഇനം |
|---|---|---|---|
| 1 | കാർത്തയായനി | 81,000/- | കൃഷിപ്പണി |
| 2 | കല്ല്യാണി | 45,000/- | കൃഷിപ്പണി |
| 3 | രവീന്ദ്രൻ | 20,000/- | നിലമൊരുക്കൽ |
| 4 | റഷീദ് | 85,000/- | ചാണകം |
| 5 | ഷൗക്കത്ത് | 35,000/- | ചാണകം |
| 6 | പേരില്ല | 30,000/- | ട്രാക്ടർ വാടക |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/21-22 /26.9.22) മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. മേൽ അപാകതകൾ കാരണം 200,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-12 ബെയിലിംഗ് മെഷീൻ ലഭ്യമായില്ല - എം.ആർ.എഫ്. കേന്ദ്രം പ്രവർത്തനസജ്ജമല്ല. മുൻകൂർ ചെലവ് തടസ്സപ്പെടുത്തുന്നു. -തുക 5,56,500/-

വ്യവസായ വികസന ഓഫീസർ നിർവ്വഹണം നടത്തിയ സൂപ്പർ എം.ആർ.എഫ് കേന്ദ്രത്തിൽ മെഷിനറികൾ സ്ഥാപിക്കൽ എന്ന പദ്ധതിയുടെ (പ്രൊജക്ട് നം. 104/2022 ) നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. പദ്ധതി പ്രകാരം 556500 രൂപ ബെയിലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായി ക്ലീൻ കേരള കമ്പനിക്ക് 30.3.22 തിയ്യതിയിൽ കൈമാറിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2017 ലെ ഉത്തരവിൽ പരമാവധി 40 % തുക കമ്പനിക്ക് അഡ്വാൻസായി കൈമാറാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന് വിരുദ്ധമായി ബിൽതുക പൂർണ്ണമായും മുൻകൂർ നൽകിയിട്ടുള്ളത്.
2. സൂപ്പർ എം.ആർ.എഫ് കേന്ദ്രത്തിൽ ബെയിലിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വൈദ്യുതി , വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് മുൻപായി ബെയിലിംഗ് മെഷീൻ വാങ്ങുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കി.
3. തുക കൈമാറി 6 മാസം പിന്നിട്ടിട്ടും മെഷീൻ പർച്ചേസ് ചെയ്തില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. എം.ആർ.എഫ് കേന്ദ്രത്തിൽ വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതികൾക്ക് മുൻഗണന നൽകാതെ ബെയ്‌ലിംഗ് മെഷീൻ വാങ്ങുന്നതിനുള്ള പദ്ധതി നടപ്പാക്കിയത് ആസൂത്രണത്തിലെ പിഴവാണ്. മുൻഗണനാക്രമത്തിലല്ലാതെ പദ്ധതി തയ്യാറാക്കിയതും തുക പൂർണ്ണമായും മുൻകൂറായി ചെലവഴിച്ചതും ഓഡിറ്റ് തിയ്യതി വരെയും മെഷീൻ പർച്ചേസ് ഓർഡർ നൽകാതിരിക്കുകയും ചെയ്തതിൽ നിന്നും എം.ആർ.എഫ് കേന്ദ്രം പ്രവർത്തന സജ്ജമാക്കി ഗ്രാമപഞ്ചായത്തുകളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് പിൻബലം നൽകുക എന്ന ലക്ഷ്യത്തിനല്ല സ്ഥാപനം മുൻഗണന നൽകിയിട്ടുള്ളതെന്നും പദ്ധതി പ്രവർത്തനങ്ങൾക്ക് വകയിരുത്തിയ ഫണ്ട് ചെലവഴിക്കുകയായിരുന്നു ഉദ്ദേശമെന്നും വ്യക്തമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും എം.ആർ.എഫ് കേന്ദ്രത്തിൽ അടിയന്തിരമായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ബെയ്‌ലിംഗ് മെഷീൻ ഉപയോഗപ്പെടുത്തേണ്ടതുമാണ്. 31.03.2022 ലെ BRN1529241 പ്രകാരം ചെലവഴിച്ച 556500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-13 മോണിറ്ററിംഗ് ചുമതല നിർവ്വഹിച്ചില്ല.

വ്യവസായ വികസന ഓഫീസർ നിർവ്വഹണം നടത്തിയ പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനം (വനിതകൾ), പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനം (വനിതകൾ) രണ്ടാം ഘട്ടം എന്നീ പദ്ധതികളുടെ നിർവ്വഹണത്തിലും മോണിറ്ററിംഗിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്. അസംസ്കൃത വസ്തുക്കൾ (കൈതോല) വാങ്ങി സ്വയം തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്ന പന്തലായനി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 33 വനിതാ ഗ്രൂപ്പ് സംരഭകർക്ക് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് ഒറ്റത്തവണ ധനസഹായം എന്ന നിലയിൽ 33 ഗ്രൂപ്പുകൾക്കായി 1320000 രൂപ വിതരണം ചെയ്യുകയും ഗ്രൂപ്പുകൾ ഈ തുക ഉപയോഗിച്ച് പായ നിർമ്മാണത്തിന് കൈതോല വാങ്ങുകയും ചെയ്തതായാണ് ഫയൽ പരിശോധിച്ചതിൽനിന്നും വ്യക്തമാകുന്നത്. നിർവ്വഹണത്തിലും ആസൂത്രണത്തിലുമുണ്ടായിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

ഫയൽ പരിശോധിച്ചതിൽ നിന്നും എല്ലാ ഗ്രൂപ്പുകളും തഴപ്പായ നിർമ്മാണത്തിനുള്ള കൈതോല വാങ്ങുന്നതിനായി 45000 രൂപ ചെലവഴിച്ചതായും ആയതിനുള്ള 90 ശതമാനം സബ്സിഡിയായ 40000 രൂപ അനുവദിക്കുകയും ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ തുക നൽകിയിട്ടുള്ളത് ബാങ്ക് അക്കൗണ്ട് മുഖേനയല്ല. 33 ഗ്രൂപ്പുകളും 2022 മാർച്ച് മാസത്തിൽ 1485000 രൂപയുടെ കൈതോല വാങ്ങിയതായാണ് ഫയലിൽ നിന്നും വ്യക്തമായിട്ടുള്ളത്. അസംസ്കൃത വസ്തു വാങ്ങിയതിന് ആനുപാതികമായി ഉത്പാദനം നടന്നതിന്റെയോ ആയത് വിറ്റഴിച്ചതിന്റെയോ രേഖകൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. വലിയ അളവിൽ അസംസ്കൃത വസ്തു വാങ്ങി സൂക്ഷിക്കുന്നത് പ്രായോഗികമല്ല. ഗ്രൂപ്പുകളുടെ തുടർ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിലുണ്ടായ വീഴ്ച പദ്ധതി പ്രകാരം വിഭാവനം ചെയ്ത ലക്ഷ്യം പൂർണ്ണമായും നേടിയെടുക്കുന്നതിന് വിഘാതമായിട്ടുണ്ട്. ഒരു ഗ്രൂപ്പിനെ നേരിൽ കേട്ടതിൽ നിന്നും

അംഗങ്ങൾ ഗ്രൂപ്പ് എന്ന നിലയിൽ പ്രവർത്തിക്കുകയോ വരുമാനത്തിൽ നിന്നും തുടർ വർഷങ്ങളിലേക്ക് ആവശ്യമായ അസംസ്കൃത വസ്തു ആർജ്ജിക്കുന്നതിനുള്ള ഫണ്ട് ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയോ ചെയ്തിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

സമാനമായ അപാകതകൾ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-14 ചുമതലകളിൽ നിന്നും വ്യതിചലിച്ച് നിർവ്വഹണം

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ സെക്കണ്ടറി പാലിയേറ്റീവ് - കിടപ്പിലായ രോഗികൾക്കുള്ള സഹായം- കുടുംബ സംഗമം എന്ന പദ്ധതിയുടെ (പ്രൊജക്ട് നം. 104/2022 ) നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.10.2015 തിയ്യതിലെ ജി.ഒ നം. 3217/2015 നം ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 3,4 എന്നിവ പ്രകാരമുള്ള പരിപാടികൾക്ക് മുൻഗണന നൽകിയില്ല. പദ്ധതി പ്രകാരം വൃക്കരോഗികൾക്ക് മരുന്ന് നൽകിയതിന്റെ അർഹതാ മാനദണ്ഡം ബ്ലോക്ക് പഞ്ചായത്ത് നിശ്ചയിച്ച് നൽകിയിട്ടില്ല.
2. രോഗികളുടെ ഭവന സന്ദർശനാവശ്യാർത്ഥം വാടകക്കെടുത്ത വാഹനത്തിന്റെ നിരക്ക് നിശ്ചയിച്ചത് സംബന്ധിച്ച രേഖ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രകാരമുള്ള ചെലവ് തുക പൂർണ്ണമായും ഹോം കെയർ, മരുന്ന് വാങ്ങൽ എന്നീ പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിച്ചിട്ടുള്ളത്. എന്നാൽ മേൽ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിലും നിർവ്വഹിക്കപ്പെടുന്നുണ്ട്. ജി.ഒ നം. 3217/2015 നം ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 3,4 എന്നിവ പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയായി നിർദ്ദേശിച്ച പാലിയേറ്റീവ് കെയർ ഡോക്ടർമാരുടെ കൺസൾട്ടേഷൻ, മോർഫിൻ അടക്കമുള്ള പാലിയേറ്റീവ് മരുന്നുകൾ ലഭ്യമാക്കൽ, വിദഗ്ധ നേഴ്സിംഗ് പരിചരണം, ബുദ്ധിമുട്ട് കൂടിയ രോഗികൾക്കുള്ള കിടത്തി ചികിത്സ, പരിശീലന പരിപാടികൾ, രോഗികളുടെ പുനരധിവാസം എന്നീ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകാതെ ഗ്രാമപഞ്ചായത്തുകളുടെ ചുമതലയായ ഹോംകെയർ പ്രവർത്തനങ്ങൾ മാത്രമായി പദ്ധതി ആസൂത്രണം ചെയ്തത് നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15 ആവശ്യകത പരിശോധിക്കാതെ ഇ.സി.ജി മെഷീൻ വാങ്ങി

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ സി.എച്ച്.സിയിലേക്ക് ഇ.സി.ജി മെഷീൻ വാങ്ങൽ എന്ന പദ്ധതിയുടെ (പ്രൊജക്ട് നം. 104/2022 ) നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. അന്തിമ പദ്ധതി രേഖയിലുൾപ്പെടാത്തതും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിക്കാത്തതുമായ മേൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.
2. ഇ.സി.ജി ടെക്നീഷ്യൻ ഇല്ലാത്ത സ്ഥാപനത്തിൽ മേൽ ഉപകരണം നാളിതുവരെയും ഉപയോഗിക്കുന്നതിന് സാധിച്ചിട്ടില്ലെന്ന് മെഡിക്കൽ ഓഫീസർ വാക്കാൽ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ആവശ്യകത നിർണ്ണയിക്കാതെ ഇ.സി.ജി മെഷീൻ വാങ്ങുന്നതിനായി ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

ആവശ്യകത നിർണ്ണയിക്കാതെയാണ് മേൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഉപകരണം ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. 10.11.2021 തിയ്യതിയിലെ BRN 682379 പ്രകാരമുള്ള 40000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-16 കുടിവെള്ള പദ്ധതികൾ ഭാഗികമായി നടപ്പാക്കുന്നു.

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ആസൂത്രണം ചെയ്ത് നിർവ്വഹണം നടത്തിയ കുടിവെള്ള പദ്ധതികൾ ഭാഗികമായാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ആസ്തി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ മുഴുവൻ പ്രവൃത്തികളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയോ , ഗുണഭോക്താക്കൾക്ക് സമയ ബന്ധിതമായി സേവനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

മുൻവർഷങ്ങളിൽ ആരംഭിച്ചതും പൂർത്തീകരിക്കാത്തതുമായ തൈക്കണ്ടിമീത്തൽ കുടിവെള്ള പദ്ധതി പൂർത്തീകരണത്തിനായുള്ള പദ്ധതി അന്തിമപദ്ധതി രേഖയിൽ വിഭാവനം ചെയ്തിരുന്നുവെങ്കിലും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടില്ല. മുൻഗണന നൽകി നടപ്പാക്കേണ്ടിയിരുന്ന മേൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി പ്രവർത്തനങ്ങൾ ഭാഗികമായി ആസൂത്രണം ചെയ്യുന്നത് മൂലം സൃഷ്ടിക്കപ്പെട്ട ആസ്തികൾ നിഷ്ക്രിയമായി തുടരുകയും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമാവുകയും ചെയ്യുന്നു. അപാകതകൾക്ക് വിശദദീകരണം ലഭ്യമാക്കേണ്ടതും പദ്ധതി സമഗ്രമായി ആസൂത്രണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

1-17 ചുമതലകളിലുൾപ്പെടാത്ത പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കി

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വന്മുഖം ഹൈസ്കൂൾ ലൈബ്രറി കെട്ടിടം എന്ന പദ്ധതി പ്രകാരം കെട്ടിട നിർമ്മാണം നടത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകത ഉണ്ടായിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം 172-ാം വകുപ്പ് പ്രകാരം നിർവ്വചിച്ചിട്ടുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ വിദ്യഭ്യാസ രംഗത്ത് സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതല. സർക്കാർ ഹൈസ്കൂളുകളുടെ നടത്തിപ്പ് ജില്ലാ പഞ്ചായത്തുകളുടെ ചുമതലയാണ്. ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് മുൻ പിൻ ബന്ധം ഉറപ്പാക്കേണ്ട ബ്ലോക്ക് പഞ്ചായത്ത് ജില്ലാപഞ്ചായത്തിന്റെ ആസ്തിയിന്മേൽ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-18 ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവർത്തികൾക്കും ഫോം വർക്കിനുള്ള തുക നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിംഗിന് ഉപയോഗപ്പെടുത്തിയിട്ടുള്ള ഇനം Mord SOR 11.4.3.1 പ്രകാരമുള്ളതാണ്. പ്രസ്തുത ഇനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ നിന്നും ആകെ തുകയുടെ 4 ശതമാനം ഫോം വർക്കിനായാണ് വകയിരുത്തിയിട്ടുള്ളത്. ഐറിഷ് ഡ്രെയിൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് മേൽ ഇനമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ഈ പ്രവൃത്തികൾക്ക് ഫോം വർക്ക് അനിവാര്യമല്ല. എന്നാൽ പ്രസ്തുത പ്രവൃത്തികൾക്കും നാല് ശതമാനം ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. എല്ലാ കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികൾക്കും ആവശ്യകത പരിഗണിക്കാതെ ഇതേ ഇനമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്. ഫോം വർക്ക്

ആവശ്യമില്ലാത്ത പ്രവൃത്തികൾക്കും 11.4.3.1 എന്ന ഇനം അനുവദിച്ചതിലൂടെ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും അധിക ചെലവുണ്ടായിട്ടുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 19.09.22, 20.09.22 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2021-22 | 1470000 | LIFE/PMAY (ജനറൽ ) | 1470000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2021-22 | 1050000 | LIFE/PMAY (ജനറൽ ) | 1050000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2021-22 | 150000 | ദുരന്ത നിവാരണ പദ്ധതി | 150000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 490000 | LIFE/PMAY (ജനറൽ ) | 490000 | 0 |

| | | | | | |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2021-22 | 350000 | LIFE/PMAY (ജനറൽ ) | 350000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 840000 | നെൽകൃഷിയ്ക്ക കൂലി ചെലവ് | 840000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2021-22 | 840000 | നെൽകൃഷിയ്ക്ക കൂലി ചെലവ് | 840000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 120000 | പച്ചകൃഷിയ്ക്ക കൂലിച്ചെലവ് | 120000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2021-22 | 120000 | പച്ചകൃഷിയ്ക്ക കൂലിച്ചെലവ് | 120000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2021-22 | 700000 | അയ്യപ്പൻ കുഴി വയലങ്കണ്ടി WSS | 700000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2021-22 | 200000 | കുനഞ്ചേരി മുക്ക് അംഗൻവാടി | 200000 | 0 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്റ്റ് | ഹിൽ ബസാർ വലിയമല പാച്ചാക്കൽ കനാൽ റോഡ് കൽവേർട് | XVFC/ 2021-22/ P/40 PFMS | 577000 | 0 | 577000 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങള്

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല .

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക്പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-2 | 2005-06 | 68.1 | കോടതി വിധിച്ചിട്ടും മുൻകൂർ ക്രമീകരിച്ചില്ല | കേസ് നടപടികൾ ത്വരിത പ്പെടുത്താൻ ശുപാർശ ചെയ്തു. (LFAC) S1/1065/19 (Dt.16.19.19) |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 65599390 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59783924 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 62,42,251 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും,ഉദ്യോഗപ്പേരും |
|---|---|---|
| 1-9 | 5093476 | മനോജ് കുമാർ എ ടി,സെക്രട്ടറി |
| 1-10 | 352275 | മനോജ് കുമാർ എ ടി,സെക്രട്ടറി |
| 1-11 | 200000 | ശ്രീ.ദിലീപ് കുമാർ.കെ.പി,അസിസ്റ്റന്റ് ഡയറക്ടർ, കൃഷി |
| 1-12 | 556500 | ശ്രീമതി.ബിന്ദു.പി, വ്യവസായ വികസന ഓഫിസർ |
| 1-15 | 40000 | ഡോ.അനി.പി.ടി |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായ വരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മനോജ് കുമാർ എ ടി<br>സെക്രട്ടറി | സെക്രട്ടറി<br>ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് | ചോയിമഠത്തിൽ<br>കിഴക്കും മുറി പി. ഒ<br>കക്കോടി<br>കോഴിക്കോട് ,673611 |
| ശ്രീ.ദിലീപ് കുമാർ.കെ.പി<br>അസിസ്റ്റന്റ് ഡയറക്ടർ<br>കൃഷി | കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ<br>കാര്യാലയം, കൊയിലാണ്ടി | മാരാങ്കോട് വീട്<br>പകൽകുറി പോസ്റ്റ്<br>കിളിമാനൂർ വഴി<br>പിൻ 695604 |
| ശ്രീമതി.ബിന്ദു.പി<br>വ്യവസായ വികസന<br>ഓഫീസർ | വ്യവസായ വികസന ഓഫീസർ,<br>പന്തലായനി<br>ബ്ലോക്ക് പഞ്ചായത്ത് | ശാരദാസ്<br>പൊന്നും പുറത്ത്.പി.ഒ.<br>കോഴിക്കോട് 673008 |
| ഡോ.അനി.പി.ടി. | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി, തിരുവങ്ങൂർ | മുളവാട്ട് വീട്,<br>ഉള്ള്യേരി.പി.ഒ, കോഴിക്കോട് |

| | | |
|---|---|---|
| | | 673323 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡികകൾ |
|---|---|---|
| 2003-04 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (6)/09.03.15 | 3,<br>3-1, 3-2 ,3-4 |
| 2004-05 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (7)/09.03.15 | 1,<br>3-1(3) |
| 2005-06 | നം.എൽ.എഫ്.കെ.കെ.ഡി പി7/2217/16/03.06.2017 | 3,<br>3-12 ( സെക്രട്ടറിയെ ചുമതലപ്പെടുത്തി)<br>3-15, 3-17 |
| 2007-08 | നം.എൽ.എഫ്.കെ.കെ.ഡി പി7/1962/16/03.06.2017 | 3,<br>3-11, 3-14, 3-15 |
| 2008-09 | നം.എൽ.എഫ്.കെ.കെ.ഡി പി8/708/22/05.05.2022 | 3,<br>3-4,3-8 |
| 2009-10 | കെ എസ് എ കെ കെ ഡി പി8.704/2022 Dt.5.05.22 | 1 ,<br>3-8 |
| 2010-11 | കെ എസ് എ കെ കെ ഡി പി8.703/2022 Dt.5.05.22 | 1,<br>3-8(3) |
| 2012-13 | കെ എസ് എ കെ കെ ഡി | 3, |

| | | |
|---|---|---|
| | പി8.709/2022 Dt.5.05.22 | 3-2,3-4,3-12 |
| 2014-15<br>2015-16 | കെ എസ് എ കെ കെ ഡി<br>പി8.702/2022 Dt.5.05.22 | 2,<br>3-6, 3-28 |
| 2016-17 | കെ എസ് എ കെ കെ ഡി<br>പി11.678/2022 Dt.18.05.22 | 3-4 |
| 2017-18 | കെ എസ് എ കെ കെ ഡി<br>പി11.43/2020 Dt.13.05.20 | 13,<br>1-12, 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6(എ), 3-7, 3-8, 3-9, 3-10(സി),4-10 |
| 2018-19 | കെ എസ് എ കെ കെ ഡി<br>പി8.701/2022 Dt.18.05.22 | 8,<br>1-7,1-8,1-9,1-10,1-11,1-14,1-15,1-16 |
| 2019-20 | കെ.എസ്.എ.കെ.കെഡി/പി<br>8/1762/2021 / 27/12/2021 | 15,<br>1-1 മുതൽ 1-15 വരെ |
| 2020-21 | കെ എസ് എ കെ കെ ഡി<br>പി8./1762/2021 Dt.13.09.22 | 17,<br>1-1,1-2,1-3,1-5(1)(2)(3)(4), 1-7,1-8,1-9, 1-10,1-11,1-12,1-131-14,1-15,4-11 |

മേൽ റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്